# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5529 18.11.2019-ൽ മറുപടിക്ക്

## ചളവറ ബദരിയ്യ ജുമാ മസ്ജിദിന് കെട്ടിട നമ്പർ

| | ചോദ്യം<br>ശ്രീ. പി.കെ. ശശി | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിലെ ചളവറ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബദരിയ്യ ജുമാ മസ്ജിദിന് കെട്ടിട നമ്പർ ലഭിക്കുവാൻ അനുമതി നൽകുന്നതിലേക്കായി 04.04.2019 ന് എം.എൽ.എ. ആഭ്യന്തരവകുപ്പ് സെക്രട്ടറിക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) യും (ബി) യും | ഷൊർണ്ണൂർ മണ്ഡലത്തിലെ ചളവറ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ബദരിയ്യ ജുമാ മസ്ജിദിന് കെട്ടിട നമ്പർ ലഭിക്കുവാൻ അനുമതി നൽകുന്നതിലേക്കായി ശ്രീ.പി.കെ.ശശി എം.എൽ.എ സമർപ്പിച്ച അപേക്ഷ ആഭ്യന്തര (രഹസ്യ വിഭാഗം - എ) വകുപ്പിൽ ആഭ്യന്തരം-എസ്.എസ്.എ 4/393/ 2019-ആഭ്യന്തരം എന്ന ഫയലിൽ പരിശോധിക്കുകയും 01.10.2019 – ൽ പാലക്കാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിനായി അയയ്ക്കുകയും പാലക്കാട് ജില്ലാ കളക്ടർ 11.11.2019 – ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ പള്ളി പണി പൂർത്തീകരിച്ച നടപടി ക്രമീകരിച്ച് നൽകണമെന്ന ആവശ്യത്തിന്മേൽ ചില വ്യക്തതകൾ വരുത്തുന്നതിനായി 13.11.2019-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫയലിന്റെ നമ്പറും ഈ ഫയലിന്റെ നാൾ വഴി നടപടിക്രമവും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ